"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി- ആലപ്പുഴ ജില്ലയിൽ എ.എസ് കനാലിന് കുറുകെ 3 പാലങ്ങളുടെ (വെള്ളാപ്പള്ളി, ആറാട്ടുവഴി, പോപ്പി) നിർമ്മാണം- ജലപാതകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് നിഷ്കർഷിച്ചിട്ടുള്ള ഹൊറിസോണ്ടൽ/ വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നത്- അനുമതി നൽകി ഉത്തരവാകുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

G.O.(Rt)No.19/2024/CSIND തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-
1. സ.ഉ(കൈ) നം. 10/2019/സി.എസ്.ഐ.എൻ.ഡി, തീയതി 20/12/2019.
2. ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/02/2024- ന് ചേർന്ന യോഗ നടപടികുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് ജലപാതകൾക്കും, ഫീഡർ കനാലുകൽക്കും കുറുകെയുള്ള നിർമ്മിതികൾക്ക് വെർട്ടിക്കൽ/ ഹൊറിസോണ്ടൽ ക്ലിയറൻസ് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഫീഡർ കനാലുകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് വേലിയേറ്റ നിരപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. ആലപ്പുഴ ജില്ലയിൽ എ.എസ് കനാലിന് കുറുകെ 3 പാലങ്ങളുടെ (വെള്ളാപ്പള്ളി, ആറാട്ടുവഴി, പോപ്പി) നിർമ്മാണത്തിൽ മേൽപ്പറഞ്ഞ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഹൊറിസോണ്ടൽ/ വെർട്ടിക്കൽ ക്ലിയറൻസ് നിബന്ധന പാലിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സ്ഥലം എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം (2) പ്രകാരം യോഗം ചേർന്നിരുന്നു. പാലങ്ങൾക്ക് 5 മീറ്റർ ഉയരം വേണമെന്ന നിബന്ധന കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും, 5 മീറ്റർ ഉയരത്തിൽ പാലം നിർമ്മിക്കുന്ന പക്ഷം റോഡുമായുള്ള ഉയരത്തിന്റെ വ്യത്യാസം, ഭൂമിഏറ്റെടുക്കുന്നതിനുള്ള കാലതാമസം, ഏറ്റെടുക്കേണ്ട ഭൂമിയുടെ ലഭ്യത കുറവ് തുടങ്ങിയ കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വരുമെന്നും യോഗത്തിൽ വിലയിരുത്തുകയുണ്ടായി. കൂടാതെ പാലങ്ങളുടെ വശങ്ങളിൽ ജനങ്ങളുടെ വീടും കച്ചവട സ്ഥാപനങ്ങളും ഉള്ളതിനാൽ പാലങ്ങളുടെ ഉയരക്കൂടുതൽ ജനങ്ങളുടെ സഞ്ചാരസ്വാതന്ത്യം തടസ്സപ്പെടുത്തുമെന്നതും, സമീപത്തായി വളരെയധികം പണം ചിലവഴിച്ച് നിർമ്മിച്ചിരിക്കുന്ന പാലങ്ങളുടെ ഇടയിലായാണ് മേൽ 3 പാലങ്ങൾ സ്ഥിതി ചെയ്യുന്നതെന്നതിനാൽ അത് മാത്രം പൊക്കം കൂട്ടി നിർമ്മിക്കുമ്പോൾ ബുദ്ധിമുട്ട് ഉണ്ടാകുമെന്നതും പരിഗണിച്ച്, സമീപത്തായി പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചിരിക്കുന്ന പാലത്തിന്റെ ഉയരത്തിൽ പ്രസ്തുത പാലങ്ങൾ നിർമ്മിക്കാവുന്നതാണെന്ന് യോഗത്തിൽ

തീരുമാനമായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ എ.എസ് കനാലിന് കുറുകെയുള്ള വെള്ളാപ്പള്ളി, ആറാട്ടുവഴി, പോപ്പി പാലങ്ങളുടെ നിർമ്മാണം സൂചനയിലെ യോഗത്തിലെ തീരുമാനപ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം (1) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ആ പാലങ്ങളുടെ നിർമ്മാണത്തിന് നിരാക്ഷേപ പത്രം നൽകുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHOK KUMAR SINGH I A S
PRINCIPAL SECRETARY

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം.
ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ വകുപ്പ്, കൊല്ലം.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി., കൊച്ചി.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
ജലവിഭവ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/26/2024/സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 07-06-2024 15:33:56

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സി.എസ്.ഐ.എൻ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്